Mahatma Gandhi University
PRIYADARSINI HILLS P.O., KOTTAYAM- 686 560
(Established by Kerala State Legislature by Notification
No.3431/Leg. CI/85/Law, dated 17th April 1985)

VC/Apl/1/2018 10/09/2018

**മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് പ്രിൻസിപ്പാൾമാർ, മാനേജർമാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരോടുള്ള വൈസ്ചാൻസലറുടെ അഭ്യർത്ഥന**

മഹാപ്രളയവും പേമാരിയും തീർത്ത ദുരന്തമുഖത്തുനിന്നും കേരള ജനത അസാമാന്യ ഐക്യവും മനോബലവും കൊണ്ട് അതിജീവതത്തിന്റെ പാതയിലാണ്. കെടുതിയിൽ നിന്നും കരകയറുവാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള കർമ പരിപാടികൾ അനിവാര്യമാണ് ദുരന്തമേഖലയിലെ ജനങ്ങൾ പ്രാഥമിക സൗകര്യങ്ങൾ പോലും ലഭ്യമാകാതെ എല്ലാം നഷ്ടപ്പെട്ട് തങ്ങളുടെ ജീവിതം തിരിച്ചുപിടിക്കുവാൻ അശ്രാന്തപരിശ്രമത്തിലാണ്. ഈ അവസരത്തിൽ എന്തു സഹായവും അധികമാവില്ല എന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ലോകമെമ്പാടുമുള്ള മലയാളികൾ മുഖ്യമന്ത്രിയുടെ ആഹ്വാനമനുസരിച്ച് ഈ സംരംഭത്തിൽ പൂർണ്ണമനസ്സോടെ സംഭാവനകൾ എത്തിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കും നമ്മളാൽ കഴിയുന്ന പരമാവധി സഹായം സമാഹരിച്ച് നൽകേണ്ട കടമയുണ്ട്.

ആയതിനാൽ നമ്മുടെ സർവ്വകലാശാലയുടെ കീഴിലുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജ് പ്രിൻസിപ്പാൾമാർ, മാനേജർമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കെല്ലാം ഈ ഉദ്യമത്തിൽ കാര്യമായ പങ്കുവഹിക്കാൻ കഴിയും. **ഇതിനായുള്ള ധനസമാഹരണം നാളെ (11.09.2018) നടത്തണമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.** ഈ സംരംഭം വലിയ വിജയമാക്കി തീർക്കണമെന്ന് നല്ലവരായ എല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു. അത്തരത്തിൽ സമാഹരിക്കുന്ന തുകയുടെ കണക്ക് എല്ലാ കോളേജ് പ്രിൻസിപ്പാൾമാരും സർവ്വകലാശാലയെ 14.09.2018 നു മുൻപായി അറിയിക്കേണ്ടതാണ്.

പ്രൊഫ.(ഡോ.) സാബുതോമസ്
വൈസ്-ചാൻസലർ